"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ക്ലർക്ക് - ശ്രീമതി റിങ്കു മോഹൻ - അനധികൃത ഹാജരില്ലായ്മ കാലയളവ് ക്രമീകരിച്ച് ഉത്തരവാകുന്നു

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.127/2026/LSGD തീയതി,തിരുവനന്തപുരം, 15-01-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ 30.09.2024ലെ LSGD/PD/31359/2023-IE2 നമ്പർ നടപടിക്രമങ്ങൾ
2. തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ 14.10.2024ലെ LSGD/PD/31359/2023-IE2 നമ്പർ നടപടിക്രമങ്ങൾ
3. ശ്രീമതി.റിങ്കു മോഹൻ സമർപ്പിച്ച 26.10.2024ലെ അവധി അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ 29.10.2024ലെ LSGD/PD/31359/2023-IE2 നമ്പർ നടപടിക്രമങ്ങൾ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2024 തീയതിയിലെ LSGD/PD/55184/2023-VIGA5 നമ്പർ ഉത്തരവ്
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2024ലെയും 21.06.2025ലെയും LSGD/PD/31359/2023-IE2 നമ്പർ കത്തുകൾ

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ക്ലർക്ക് ശ്രീമതി റിങ്കു മോഹൻ അനധികൃത ഹാജരില്ലായ്മയിലായിരുന്ന 03.07.2023 മുതൽ 31.01.2024 വരെയുള്ള 213 ദിവസത്തെ കാലയളവ് ശൂന്യവേതന അവധിയായി ക്രമവൽക്കരിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അവധി അപേക്ഷ പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു.

ശ്രീമതി.റിങ്കു മോഹൻ 15.07.2013 FN -ൽ സേവനത്തിൽ പ്രവേശിക്കുകയും ടിയാളുടെ സേവനം ക്രമപ്പെടുത്തിയിട്ടുള്ളതും 04.08.2015 FN പ്രാബല്യത്തിൽ ടിയാളുടെ പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. ശ്രീമതി റിങ്കു മോഹൻ 03.07.2023 മുതൽ 10.08.2023 വരെ 39 ദിവസത്തെ ശൂന്യവേതന അവധിക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ പ്രസ്തുത അവധി അനുവദിച്ച് നൽകിയിരുന്നില്ല. തുടർന്ന് ടിയാൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും ടിയാൾക്കെതിരെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും ആയത് പരാമർശം (5) പ്രകാരം തീർപ്പാക്കിയിട്ടുമുണ്ട്. ആയതിനെ തുടർന്ന് 03.07.2023 മുതൽ 31.01.2024 വരെയുള്ള ടിയാളുടെ അനധികൃതഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിനാണ് ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൾക്ക് 01.02.2024 മുതൽ 29.07.2024 വരെ പരാമർശം (1)

പ്രകാരം പ്രസവാവധിയും ടി അവധിക്ക് തുടർച്ചയായി 30.07.2024 മുതൽ 27.09.2024 വരെ പരാമർശം (2) പ്രകാരം 60 ദിവസത്തെ ശൂന്യവേതനാവധിയും തുടർന്ന് പരാമർശം (4) പ്രകാരം 28.09.2024 മുതൽ 30.09.2024 വരെ ശൂന്യവേതനാവധിയും അനുവദിച്ചിട്ടുണ്ട്. അവധിക്ക് ശേഷം ടിയാൾ 01.10.2024ൽ ടിയാൾ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃതമായി ജോലിക്ക് ഹാജരാകാതെയിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ക്ലർക്ക് ശ്രീമതി റിങ്കു മോഹൻ -ന് എതിരെ അച്ചടക്കനടപടി സ്വീകരിച്ച് ആയത് തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ 03.07.2023 മുതൽ 31.01.2024 വരെയുള്ള അനധികൃതഹാജരില്ലായ്മ കാലയളവ് ഇൻക്രിമെന്റ് , ഹയർഗ്രേഡ്, പെൻഷൻ , ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ എസ് ആർ ഭാഗം ഒന്ന് ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീമതി.റിങ്കു മോഹൻ , ക്ലർക്ക് , പ്രിൻസിപ്പൽ ഡയറക്ടറേറ്റ് , തദ്ദേശസ്വയംഭരണ വകുപ്പ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ധനകാര്യ വകുപ്പ് 23.11.2025ലെ e-3075724/ധെവ-1/49/2025-ധന നമ്പർ യു ഒ റിമാർക്ക് പ്രകാരം)

8.ഡയറക്ടർ . ഐ കെ എം

9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

10.കരുതൽ ഫയൽ (ഫയൽ നം.260/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M.S
സെക്ഷൻ ഓഫീസർ
Date: 16-01-2026 13:10:08